"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലാ പഞ്ചായത്ത് - കിഡ്നി/കരൾ മാറ്റി വെച്ചവർക്ക് മരുന്ന് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് 2026-27ൽ നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1918/2026/LSGD    തീയതി,തിരുവനന്തപുരം, 12-10-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2025-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 4.15
3. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 18.06.2026ലെ നമ്പർ DP/MPM/PA-11/2026 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട പരാമർശം 1 സബ്സിഡി-ധനസഹായ മാർഗ്ഗരേഖ പ്രകാരം, മാരക രോഗങ്ങൾക്ക് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന മരുന്നുകൾ ബന്ധപ്പെട്ട ആശുപത്രി മുഖേന നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. അവയവം മാറ്റി വെച്ചവർക്ക് മരുന്ന് വാങ്ങി നൽകാൻ പൊതു അനുമതി നൽകിയിട്ടില്ല. കിഡ്നി, കരൾ മാറ്റി വെച്ചവർക്ക് തദ്ദേശ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ മരുന്ന് വാങ്ങി ശേഖരിച്ച് ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം നൽകാൻ കോ-ഓർഡിനേഷൻ കമ്മിറ്റി ചില തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിലും, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയടക്കമുള്ള ഇൻഷ്വറൻസ് പദ്ധതിയിലുള്ളവർക്കും മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതിയിലൂടെ ധനസഹായം നൽകാൻ അനുമതി നൽകിയിട്ടില്ല. ഒപ്പം മാർഗ്ഗരേഖ പ്രകാരമുള്ള വരുമാനപരിധി പാലിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

2. അവയവം മാറ്റി വെച്ച എല്ലാവർക്കും മരുന്ന് നൽകാൻ സാധിക്കുംവിധം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് എന്നീ ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെട്ട രോഗികൾക്കും മരുന്ന് സൗജന്യമായി നൽകാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 2 യോഗത്തിൽ പരിശോധിക്കുകയും, സംഭാവന, സ്പോൺസർഷിപ്പ് മുഖേന വിഹിതം കണ്ടെത്തി, തുക തികയാതെ വന്നാൽ മാത്രം ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കുന്ന രീതിയിൽ പ്രോജക്ട്

നടപ്പാക്കാൻ 2025-26 വർഷത്തേക്ക് മാത്രമായി അനുമതി നൽകുകയും ചെയ്തിരുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയിലൂടെ സഹായം ലഭിക്കുന്നില്ലെങ്കിൽ ഡോക്ടർ നിർദ്ദേശിക്കുന്ന കാലയളവിലേയ്ക്ക് മാത്രം ഇത്തരം മരുന്നു വാങ്ങി നൽകാനും അനുമതി നൽകിയിരുന്നു.

3. പരാമർശം 2 തീരുമാനപ്രകാരം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവയടക്കമുള്ള ഇൻഷുറൻസ് പദ്ധതികളിൽ ഉള്ളവർക്കും, മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും, മാർഗ്ഗരേഖ പ്രകാരമുള്ള വരുമാന പരിധിക്ക് മുകളിലുള്ളവർക്കും, കിഡ്നി/കരൾ മാറ്റിവെച്ചവർക്ക് മരുന്ന് നൽകുന്ന പദ്ധതിയിലൂടെ സഹായം നൽകാൻ പാടുള്ളതല്ല എന്ന് തീരുമാനം നിലനിൽക്കുന്നതുമൂലവും, നിലവിൽ സർക്കാർ അനുമതി ഇല്ലാത്തതിനാലും ഈ വർഷം പദ്ധതി വെക്കുന്നതിന് സാധിച്ചിട്ടില്ല എന്നും, പ്രയാസം നേരിടുന്ന നിർധനരായ രോഗികൾ ബുദ്ധിമുട്ടുന്ന സാഹചര്യമാണ് എന്നും, അതിനാൽ മേൽ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിനും, അവയവം മാറ്റിവെച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകുന്ന പദ്ധതി തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ജില്ലാ ആശുപത്രികൾ വഴിയും വിതരണം ചെയ്യുന്നതിനും, കാസ്പ്, കാരുണ്യ പദ്ധതികളിൽ ഉൾപ്പെട്ട നിർധനരായ രോഗികൾക്ക് കൂടി ഈ പദ്ധതി വഴി മരുന്ന് നൽകുന്നതിനും സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്നും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിഡ്നി/കരൾ മാറ്റി വെച്ചവർക്ക് മരുന്ന് നൽകുന്നതിന് സംഭാവന, സ്പോൺസർഷിപ്പ് മുഖേന വിഹിതം കണ്ടെത്തേണ്ടതാണ് എന്നും, ഇപ്രകാരം ലഭിക്കുന്ന തുക തികയാതെ വന്നാൽ മാത്രമേ ജില്ലാ പഞ്ചായത്ത് വിഹിതം ഉപയോഗിക്കാവൂ എന്നുമുള്ള ഉപാധികളോടെയാണ് 2025-26ൽ പ്രോജക്ട് നടപ്പാക്കാൻ ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിരുന്നത്. അതേ ഉപാധികളോടെ 2026-27 വർഷവും കിഡ്നി/കരൾ മാറ്റി വച്ചവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ മലപ്പുറം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി എന്നിവയിലൂടെ സഹായം ലഭിക്കുന്നില്ലെങ്കിൽ ഡോക്ടർ നിർദ്ദേശിക്കുന്ന കാലയളവിലേയ്ക്ക് മാത്രം ഇത്തരം മരുന്നു വാങ്ങി ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ആശുപത്രി(കൾ) മുഖേന വിതരണം ചെയ്യാവുന്നതാണ്. അർഹരായവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുമെന്നതിനാൽ, വരുമാന പരിധിയിലുൾപ്പടെ മാർഗ്ഗരേഖയിലെ മറ്റ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കാൻ പാടുള്ളതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, മലപ്പുറം ജില്ലാ പഞ്ചായത്ത്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
5. ജില്ലാകളക്ടർ, മലപ്പുറം
6. ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
7. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), മലപ്പുറം

8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
9. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
10. ഡയറക്ടർ ജനറൽ, കില
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
13. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 13-10-2026
11:00:47

സെക്ഷൻ ഓഫീസർ